(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2014-15-ലെ വാർഷിക വിറ്റുവരവ് എത്രയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ ബ്രാഞ്ചുകളോ റീട്ടെയിൽ ഔട്ട്‌ലെറ്റുകളോ അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അന്യസംസ്ഥാന മാർക്കറ്റുകളിൽ നാളികേര ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരഫെഡ് നാളികേരത്തിൽനിന്നും വിവിധ ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് പൗഡർ, കേരജം, കേശാമൃതം ഹെയർ ഓയിൽ മുതലായവ നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കേരജം ബ്രാൻഡ് വെളിച്ചെണ്ണയും വെർജിൻ കോക്കനട്ട് ഓയിലും നാളികേരത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്നു.

(ബി) കേരഫെഡിന്റെ 2014-15-ലെ വിറ്റുവരവ് മൊത്തം 173 കോടി രൂപയാണ്. നാളികേര വികസന കോർപ്പറേഷൻ 2014-15-ൽ വിപണനം ആരംഭിച്ചിട്ടില്ല.

(സി) കേരഫെഡിന് നിലവിൽ അന്യസംസ്ഥാനങ്ങളിൽ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ബോംബെ, ചെന്നൈ മുതലായ സ്ഥലങ്ങളിൽ വിതരണ ഏജൻസികളുണ്ട്. നാളികേര വികസന കോർപ്പറേഷന് അന്യ സംസ്ഥാനങ്ങളിൽ ബ്രാഞ്ചുകളോ റീട്ടെയിൽ ഔട്ട്‌ലെറ്റുകളോ പ്രവർത്തിക്കുന്നില്ല.

(ഡി) മുകളിൽ പറഞ്ഞ സ്ഥലങ്ങൾക്കുപുറമെ മറ്റ് അന്യസംസ്ഥാനങ്ങളിലും നാളികേര ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

മണ്ണ്-ജല സംരക്ഷണ പദ്ധതികൾ

227 (1604) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മണ്ണ്-ജലസംരക്ഷണ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന മണ്ണുജല സംരക്ഷണ പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) സുസ്ഥിര വികസനത്തിനായി പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും പാരിസ്ഥിതിക പുനരുജ്ജീവനവും ഓരോ പ്രദേശത്തിനും അനിയോജ്യമായ ഭൂവിഭവ പരിപാലനത്തിലൂടെയും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിലൂടെയും സുസ്ഥിര കാർഷികോൽപ്പാദനവും സ്വയം പര്യാപ്തതയും കൈവരിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത്.

1. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള മണ്ണ-ജല സംരക്ഷണ പദ്ധതി

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 114 കോടി രൂപ അനുവദിച്ചതിൽ 96.14 കോടി രൂപ ചെലവഴിച്ച് 42447 ഹെക്ടർ പ്രദേശം നാളിതുവരെ സംരക്ഷിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പദ്ധതി പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

2. ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 7.83 കോടി രൂപ ലഭിച്ചതിൽ 5.66 കോടി രൂപ ചെലവഴിച്ച് 26220 ഹെക്ടർ പ്രദേശം സംരക്ഷിച്ചു. കോട്ടയം, ഇടുക്കി, വയനാട്, പാലക്കാട്, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

3. അരുവിക്കര, ശാസ്താംകോട്ട എന്നീ ശുദ്ധജലവിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ-ജല സംരക്ഷണത്തിനായി ലഭിച്ച 125 ലക്ഷം രൂപയിൽ നാളിതുവരെ 112.8 ലക്ഷം രൂപ ചെലവഴിച്ച് 614 ഹെക്ടർ പ്രദേശം സംരക്ഷിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly